പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

17.03.2015 ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ : 1795

**"തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം"**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. പി.കെ. ഗുരുദാസൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) തീരദേശ മേഖല നയന്ത്രണ വിജ്ഞാപനവുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച സമിതിയുമായി സർക്കാർ 2014 ആഗസ്റ്റ് 22-നും 2014 ഒക്ടോബർ 27-ന് ഡൽഹിയിൽ വച്ചും നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന് ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (എ)-യും (ബി)-യും<br><br>തീര പ്രദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം മറ്റു പ്രാദേശിക സമൂഹം എന്നിവരുടെ ഉപജീവനം ഉറപ്പാക്കുക, തീര പ്രദേശത്തെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും സമുദ്രമേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിൽ പ്രകൃതി ക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്ക് അനുസൃതമായി വികസനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ആഗോള താപനം നിമിത്തം കടൽ നിരപ്പ് ഉയരുന്ന രാജ്യത്തെ പ്രദേശങ്ങൾ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചത്.<br><br>വിജ്ഞാപനം നടപ്പിലാക്കുന്നതുവഴി മുകളിൽ പറഞ്ഞ ഉദ്ദേശ ലക്ഷ്യങ്ങളാണ് നേടേണ്ടിയിരുന്നതെങ്കിലും തീരദേശത്ത് വസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന സമൂഹത്തിനുണ്ടാകുന്ന ഭവന നിർമ്മാണം അടക്കമുള്ള വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ട ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ CRZ വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ അനുവദിക്കുന്നതിനും സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വനം |

പരിസ്ഥിതി മന്ത്രാലയത്തിന് 10.02.2014-ന് കത്ത് നൽകുകയും, തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 12.03.2014-ന് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ ഇതിൻമേലുള്ള ശുപാർശകൾ നല്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സംസ്ഥാന ചീഫ് സെക്രട്ടറിയും സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയും 2014 മെയ് മാസം 12-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയെ നേരിട്ട് കണ്ട് തീരദേശ മേഖലയിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനായി ഇതിനായി രൂപീകരിച്ച കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മറ്റിക്ക് സമർപ്പിക്കുമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

കേരള മുഖ്യമന്ത്രി 2014 ജൂൺ മാസത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ നേരിട്ട് കണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ എത്രയും പെട്ടെന്ന് നടപ്പിലാക്കിത്തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ പ്രയാസങ്ങൾ കാണിച്ച് വീണ്ടും ബഹു. മുഖ്യമന്ത്രി 24.07.2014 -ന് കത്ത് മുഖാന്തിരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയും, ചീഫ് സെക്രട്ടറിയും അടക്കമുള്ളവർ കേന്ദ്ര മന്ത്രിയുമായും മന്ത്രാലയത്തിന്റെ ഉന്നത ഉദ്യോഗസ്ഥരുമായും നേരിട്ട് കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. തുടർന്ന് വിജ്ഞാപനത്തിലെ വ്യവസ്ഥകൾമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിക്കുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ച സമിതി 22.08.2014-ന് സംസ്ഥാനം സന്ദർശിക്കുകയും, ബഹു. മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി തിരുവനന്തപുരത്ത് വച്ച് ചർച്ച നടത്തുകയും, പ്രസ്തുത ചർച്ചയിൽ വിജ്ഞാപനത്തിലെ വ്യവസ്ഥകൾമൂലം

സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 16.10.2014-ൽ ബഹു. മുഖ്യമന്ത്രി ന്യൂഡൽഹിയിൽ വച്ച് ബഹു. പ്രധാനമന്ത്രിയെ നേരിട്ട് കാണുകയും സംസ്ഥാനത്തിന്റെ ആശങ്കകൾ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട് നിവേദനം നൽകുകയും ചെയ്തു.

**കേരളത്തിന്റെ ആവശ്യങ്ങൾ**

- കടലോര പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി വസിക്കുന്നവർക്ക് വീട്/ ടോയിലറ്റ്/ മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡുകൾ എന്നിവ CRZ-III-ലെ നിർമ്മാണ രഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അനുവദിക്കുക.
- തീരപ്രദേശത്ത് വസിക്കുന്ന തദ്ദേശവാസികൾക്ക് കുടുംബസ്വത്ത് ഭാഗിച്ച്കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അനുമതി ലഭ്യമാക്കുക, കൂടാതെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള തദ്ദേശവാസികൾക്ക് സ്ഥലം വാങ്ങി ഈ പ്രദേശത്ത് വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അവകാശം നൽകുക.
- ചെമ്മീൻകെട്ട്, പൊക്കാളി നെൽ പാടശേഖര--ങ്ങളുടെ കരഭാഗം തദ്ദേശവാസികളുടെ വാസഗൃഹ നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുക.
- കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ തീരത്തെ തീരനിയന്ത്രണ മേഖല നിലവിലുള്ള 100 മീറ്ററിൽ നിന്നും 50 മീറ്ററായി ചുരുക്കുക.
- തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാം എന്നുള്ളത് നിലവിലുള്ള തറവിസ്തീർണം 100 ചതുരശ്ര മീറ്ററിൽ കുറവാണെങ്കിൽ പുനർ നിർമ്മാണം 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണം എന്നാക്കുക.
- തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളി സമൂഹം

ഉൾക്കൊള്ളുന്ന തീരദേശവാസികൾക്ക് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ കഴിഞ്ഞോ നിലവിലുള്ള കെട്ടിടങ്ങളുടേയോ റോഡിന്റേയോ കരഭാഗത്ത് പുതിയ ഭവന നിർമ്മാണങ്ങൾ അനുവദിക്കുക.

- കേരളത്തിലെ വീതി കുറഞ്ഞ കായലിനും കടലിനും ഇടയിലുള്ള പ്രദേശങ്ങളിൽ വികസന രഹിത മേഖല 20 മീറ്റർ ആയി ചുരുക്കുക. (ഭവന നിർമ്മാണത്തിനായി).
- 2011-ന് നിലവിലുണ്ടായിരുന്ന എല്ലാ റോഡിന്റെയും കരഭാഗത്ത് CRZ II-ന്റെ നിർമ്മിതികൾ അനുവദിക്കുക.
- ചേരി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി തീരദേശത്ത് വേലിയേറ്റ രേഖയിൽ 100 മീറ്റർ കഴിഞ്ഞ് 3 മുതൽ 4 നിലകൾ വരെയുള്ള കെട്ടിടങ്ങൾ അനുവദിക്കുക.
- മത്സ്യത്തൊഴിലാളികളുടെ ആവശ്യകതകൾക്കുള്ള പ്രവർത്തികൾക്ക് പഞ്ചായത്തുകളിൽ നിന്നു തന്നെ അനുമതി കൊടുക്കാൻ അനുവദിക്കുക.
- $100m^2$ വരെയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുവാദം ജില്ലാ അതോറിറ്റിക്ക് കൈമാറുക.
- സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികളിൽ കൂട്ടിച്ചേർത്തതായുള്ള പഞ്ചായത്ത് പ്രദേശങ്ങൾ, അവയെ ചേർക്കുന്ന മുറയ്ക്ക് CRZ-II ആയി കണക്കാക്കുന്നതിന് അനുവദിക്കുക.
- മത്സ്യത്തൊഴിലാളികൾക്കും തദ്ദേശവാസികൾക്കും ബാങ്കിൽ നിന്നും കടമെടുക്കുന്നതിനും അവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ പണയം വയ്ക്കുന്നതിനും അനുവദിക്കുക.

പ്രസ്തുത കമ്മിറ്റി വീണ്ടും 27.10.2014-ൽ ന്യൂഡൽഹിയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും, കേരള തീരദേശ പരിപാലന അതോറിറ്റി

(KCZMA)-യുടെയും, മെമ്പർ സെക്രട്ടറിയും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് സംസ്ഥാനത്തിന്റെ ആശങ്കകൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ബഹു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ശ്രീ.പ്രകാശ് ജാവദേക്കറിൽ നിന്നും 25.11.2014-ന് മുഖ്യമന്ത്രി 16.10.2014-ന് സമർപ്പിച്ച കത്തിനുള്ള മറുപടി ലഭിക്കുകയുണ്ടായി. ( കത്ത് ഉള്ളടക്കം ചെയ്യുന്നു) പ്രസ്തുത മന്ത്രാലയം നിയോഗിച്ച വിദഗ്ധ സമിതി ഉടൻ തന്നെ റിപ്പോർട്ട് സമർപ്പിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ മന്ത്രാലയം അടിയന്തിരമായി തീരുമാനം കൈകൊള്ളുമെന്ന് അറിയിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത വിദഗ്ധ സമിതി 2015 ജനുവരി മൂന്നാം വാരത്തിൽ മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചതായി അറിയാൻ കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശ വിജ്ഞാപനം 2011-ൽ വരുത്തേണ്ട ഇളവുകളും മാറ്റങ്ങളും ഉടൻ വിജ്ഞാപനമാക്കി പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി 02.03.2015-ന് ബഹു. കേന്ദ്ര മന്ത്രി ശ്രീ. പ്രകാശ് ജാവദേക്കർക്ക് കത്ത് അയയ്ക്കുകയുണ്ടായി. ( കത്ത് ഉള്ളടക്കം ചെയ്യുന്നു).

സെക്ഷൻ ഓഫീസർ

प्रकाश जावडेकर
Prakash Javadekar

राज्य मंत्री (स्वतंत्र प्रभार)
पर्यावरण, वन एवं जलवायु परिवर्तन
भारत सरकार
MINISTER OF STATE (INDEPENDENT CHARGE)
ENVIRONMENT, FORESTS AND CLIMATE CHANGE
GOVERNMENT OF INDIA

Member Secretary CRZ Committee
Please see

30/11

D.O. No. 2-52/2014-IA.III

Dated: 25 November, 2014

Dear Shri Oommen Chandy Ji,

This has reference to your letter dated 16.10.2014 highlighting difficulties faced by fishermen/traditional community living in coastal areas of Kerala due to CRZ Notification, 2011.

In this regard, I am to inform you that the Expert Committee appointed by my Ministry is currently engaged in the task of assessing ground realities with the objectives of revision in the CRZ Notification, 2011. The Committee is expected to complete the assignment shortly. A final decision on the issues raised by you will be taken early.

With regards,

Yours sincerely,

(Prakash Javadekar)

**Shri Oommen Chandy**
Hon'ble Chief Minister,
Government of Kerala,
Secretariat,
Thiruvanathapuram-695001.

OOMMEN CHANDY
CHIEF MINISTER

Secretariat
Thiruvananthapuram-695 001

GOVERNMENT OF KERALA

**D.O. No. 157/O-CM/2015, dated, 02/03/2015**

Dear Prakash Javadekar Ji,

Please refer to your letter D.O. No. 2-52/2014-IA.III dated 25th November 2014 in response to my earlier Letter D.O. No. 233/VIP/CM/2014 dated 16-10-2014 on the difficulties being faced by fishermen/traditional community living in coastal areas of Kerala due to CRZ Notification 2011. I have also written to you in this regard on 24/07/2014.

It was informed in the said letter that the Expert Committee is expected to complete the assignment of submitting a report shortly on revising the CRZ Notification 2011 considering the ground realities.

I understand that the Expert Committee had submitted the said report suggesting revisions to the CRZ Notification 2011 during the third week of January 2015. I would appreciate expediting the process of examining the report and to notify the amendments at the earliest. The fishermen/traditional communities in Kerala are on a path of agitation as they express their anxieties on the unfeasible clauses in the present notification that are causing impediments to their housing and livelihood security.

Therefore, I shall be grateful if you can bestow personal attention into the matter to bring out the modifications to the CRZ Notifications 2011 at the earliest to salvage the ecosystem people from the uncertainty they face in this regard.

With best regards,

Yours sincerely,

2/3/15

**OOMMEN CHANDY**

To

**SHRI. PRAKASH JAVADEKAR,**
Hon'ble Minister of State (Independent Charge),
Environment, Forests and Climate Change,
Government of India,
New Delhi.